**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6514** **10-11-2021 - ൽ മറുപടിയ്ക്ക്**

**കരമടി തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം ഉറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് കരമടി തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ് ആനുകൂല്യത്തിനായി നൽകിയിട്ടുള്ള പല മത്സ്യത്തൊഴിലാളികളുടെയും അപേക്ഷകൾ നിരസിച്ചത് കരമടിയുമായി ബന്ധമില്ലാത്ത മറ്റു കടൽ പണികളിൽ ഏർപ്പെടുന്നു എന്ന കാരണത്താലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കണ്ടെത്തലിനു അടിസ്ഥാനമാക്കിയത് എന്തൊക്കെ ഘടകങ്ങളാണെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം ഉറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം (സൗത്ത്), അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിലായി 25 കരമടി ഉടമകൾക്കും പെൻഷണർമാരുൾപ്പെടെ 921 തൊഴിലാളികൾക്കും ആനുകൂല്യം നാളിതുവരെ അനുവദിച്ചിട്ടുണ്ട്. കരമടി ഒരു പരമ്പരാഗത മത്സ്യബന്ധന രീതിയാണ്. ഒരു കരമടിയിൽ 30 മുതൽ 40 വരെ തൊഴിലാളികളാണ് പരമാവധി തൊഴിൽ ചെയ്യുന്നത്. ഇപ്രകാരം വിഴിഞ്ഞം (സൗത്ത്), അടിമലത്തുറ മത്സ്യ ഗ്രാമങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരുന്ന കരമടിയിലെ തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ ആനുകൂല്യം അവകാശപ്പെട്ട് അപേക്ഷ സമർപ്പിച്ചവരിൽ എഞ്ചിൻ ഘടിപ്പിച്ച വള്ളത്തിലും, തങ്ങൽ വള്ളത്തിലും, തട്ടുമടി പണിയ്ക്കും പോകുന്ന മത്സ്യത്തൊഴിലാളികൾ, ലേലതൊഴിലാളികൾ, കണവ ഷെഡിൽ ജോലി ചെയ്യുന്നവർ എന്നിവരെയാണ് മറ്റ് കടൽപണികളിൽ ഏർപ്പെടുന്നവർ എന്ന് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ളവരെ പരമ്പരാഗത മത്സ്യബന്ധന രീതിയായ കരമടി തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. |
| (ബി) | എന്തെല്ലാം തെളിവുകളാണ് ഈ കണ്ടെത്തലിന് വേണ്ടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമായ തെളിവുകളില്ലാതെ അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) സമർപ്പിച്ച വ്യക്തമായ തെളിവുകളുടെ അടിസ്ഥാന ത്തിലാണ് വിഴിഞ്ഞം ഉറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുള്ളത്. പരിശോധനയുടെ ആദ്യ ഘട്ടമായി അപേക്ഷകരുടെ രേഖാ പരിശോധന നടത്തി മത്സ്യത്തൊഴിലാളിയാണെന്നത് പരിശോധിക്കുന്നു. തുടർന്ന് സ്ഥല പരിശോധന നടത്തി ഓരോ അപേക്ഷകനും ഉറമുഖ പദ്ധതി നിലവിൽ വന്ന 2015 |

| | | | | |
|---|---|---|---|---|
| | | | | കാലഘട്ടത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലിനെ സംബന്ധിച്ച് അതത് പ്രദേശത്ത് വ്യക്തമായ പരിശോധന നടത്തുന്നു. ഇപ്രകാരമുള്ള പരിശോധന യിൽ കരമടി ഉടമ, പ്രദേശത്തെ ജനപ്രതിനിധികൾ, തൊഴിലാളി തൊഴിൽ ചെയ്തിരുന്നുവെന്നവകാശപ്പെടുന്ന കരമടിയിൽ തൊഴിൽ ചെയ്തിരുന്ന മറ്റ് തൊഴിലാളികൾ, പ്രദേശത്തെ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ നിരവധി പേരിൽ നിന്നു പ്രസ്തുത വ്യക്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നു. തൊഴിലാളിയുടെ രേഖകളിൽ നിന്നും സ്ഥല പരിശോധനയിലും നിന്നും ലഭിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ആദ്യഘട്ട പരിശോധന പൂർത്തിയാക്കുന്നു. തുടർന്ന് ഇത്തരത്തിൽ ലഭ്യമായ വിവരങ്ങളിൽ യാന ഉടമയായതിനാൽ ലഭിക്കുന്ന മണ്ണെണ്ണ ആനുകൂല്യം കൈപ്പറ്റുന്നവർ, ബയോമെട്രിക് കാർഡിൽ വെസ്സൽ ഓണർ, വെസ്സൽ ക്രൂ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളവർ, മത്സ്യത്തൊഴി ലാളി ക്ഷേമനിധി ബോർഡിന്റെ പാസ് ബുക്കിൽ യാനത്തിന്റേയോ, കട്ടമരത്തിന്റേയോ വിഹിതം ഒടുക്കുന്നവർ, ക്ഷേമനിധി വിഹിതം അടക്കുന്നതിൽ അപാകതകൾ വരുത്തിയിട്ടുള്ളവർ, പാസ്പോർട്ട് പരിശോധിച്ച് 2015 കാലഘട്ടത്തിൽ വിദേശത്ത് ആയിരുന്നവർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെട്ട അനർഹരായവരെ ഒഴിവാക്കുകയാണ് പതിവ്. കൂടാതെ ഇപ്രകാരം ഒഴിവാക്കപ്പെട്ടവർക്ക് കരമടി തൊഴിലാളിയാണെന്നതിന് തെളിവുകൾ സമർപ്പിക്കുന്നതിന് പല തവണ അവസരം നൽകിയിട്ടും തെളിയിക്കുവാൻ സാധിച്ചിട്ടില്ലാത്തവരെ യാണ് ആനുകൂല്യം നൽകുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ